സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരുടെ സുരക്ഷ

93 (782) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർക്ക് നേരെ വർദ്ധിച്ചുവരുന്ന അക്രമസംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2011 മേയ് മാസം മുതൽ 2015 ഒക്ടോബർ വരെ വിവിധ ജില്ലകളിലെ സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർക്ക് നേരെയുണ്ടായിട്ടുള്ള അക്രമങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഡോക്ടർമാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള പ്രത്യേക നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

സർക്കാർ ഡോക്ടർമാരുടെ സമരം

94(783) ശ്രീ. ഇ. പി. ജയരാജൻ :

ഡോ. ടി. എം. തോമസ് ഐസക് :

ശ്രീ. ബാബു എം. പാലിശ്ശേരി :

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഡോക്ടർമാരുടെ 2015 സെപ്തംബർ 9 മുതൽ ഒരാഴ്ച നീണ്ട സമരത്തിലെ ആവശ്യങ്ങൾ എന്തൊക്കെയായിരുന്നു; അതിൽ സർക്കാർ അംഗീകരിച്ചത് ഏതെല്ലാമാണ് ; ഒത്തുതീർപ്പിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ബി) സമരം അനാവശ്യമാണെന്നും സമരക്കാരായ ഡോക്ടർമാർക്കെതിരെ നടപടി സ്വീകരിക്കുമെന്നും മന്ത്രി പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) അടിക്കടി ആവർത്തിക്കുന്ന ഡോക്ടർമാരുടെ സമരത്തിന്റെ പശ്ചാത്തലത്തിൽ ഡോക്ടർമാരുടെ സേവനം അവശ്യസർവ്വീസായി പ്രഖ്യാപിക്കുന്നതിനെ കുറിച്ചുള്ള നിലപാട് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള ജനറൽ ആശുപത്രി/ജില്ലാ ആശുപത്രി എന്നിവയിൽ ചിലത് മെഡിക്കൽ കോളേജുകൾ ആക്കുന്നതിനെതിരേയും, സ്റ്റാഫ് പാറ്റേൺ വർദ്ധിപ്പിക്കുക, ഒഴിവുകൾ നികത്തുക, പ്രൊമോഷനുകൾ ത്വരിതപ്പെടുത്തുക, പ്രൈവറ്റ് പ്രാക്ടീസ് മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കുക, പി.ജി. ഡെപ്യൂട്ടേഷൻ ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുക, ആശുപത്രികൾ അപ്ഗ്രേഡ് ചെയ്യുമ്പോൾ ആവശ്യത്തിന് തസ്തികകൾ സൃഷ്ടിക്കുക, മഞ്ചേരി ജനറൽ ആശുപത്രി, ഇടുക്കി ജില്ലാ ആശുപത്രി എന്നിവ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ നിലനിർത്തുക തുടങ്ങി നിരവധി ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ടായിരുന്നു ഡോക്ടർമാരുടെ സമരം. ഒത്തുതീർപ്പ് വ്യവസ്ഥകൾ അടങ്ങുന്ന 'മിനിട്സ്'-ന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇവ പരിശോധിച്ചു വരികയാണ്. ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി&സി) പ്രഖ്യാപിച്ചിരുന്നു. ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ല. സർക്കാർ ഈ വിഷയം പരിശോധിച്ചു വരികയാണ്.

*** സർക്കാർ ആശുപത്രികളിൽ ലാൻഡ് ഫോൺ ശൃംഖല**

95(784) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജ് ആശുപത്രികളിലെ വാർഡുകൾ തമ്മിൽ ബന്ധിപ്പിക്കുന്നതിനും രോഗികളുടെ ചികിത്സാവിവരങ്ങൾ കൈമാറുന്നതിനും ലാൻഡ് ഫോണുകൾ ആവശ്യമാണെന്ന വിവരം ശ്രദ്ധയിൽപ്പെടിട്ടുണ്ടോ;

(ബി) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ലാൻഡ് ഫോൺ സ്ഥാപിക്കാത്തതിനാൽ രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ലാൻഡ് ഫോൺ ഇല്ലാത്ത സർക്കാർ ആശുപത്രികളിൽ ഫോൺ ശൃംഖല സ്ഥാപിക്കുകയും രോഗികൾ, കൂട്ടിരിപ്പുകാർ, സന്ദർശകർ, ജീവനക്കാർ എന്നിവരുടെ അമിതമായ മൊബൈൽ ഫോൺ ഉപയോഗം നിയന്ത്രിക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.